# പ്രത്യാശ

(റിസർവ്വ് ബാങ്ക് (കൊച്ചി) പെൻഷനേഴ്സിനുവേണ്ടിയുള്ള ഒരു വാർത്താ ബുള്ളറ്റിൻ)

ലക്കം 23 പ്രസിദ്ധീകരണ തിയ്യതി 10-8-2009 പേജുകൾ -4

<u>ഡി. ആർ. വർദ്ധന:</u> ഏപ്രിൽ, മെയ്യ് , ജൂൺ മാസങ്ങളിലേ സൂചിക പ്രകാരം 22 സ്ലാബിന്റെ വർധനയുണ്ട്-ഈ മാസം മുതൽ 2010 ജനവരി വരെ ലഭിക്കുന്ന ഡി.ആർ. നിരക്കുകൾ:-1.11.02 ന് ശേഷം വിരമിച്ചവർ (CPI-2288)52.56%. Pay scale effective from 1-11-1997 (CPI,1684) 106.32%, Ex-Gartia ക്കാർ - 478.38%

<u>100% D.R. കുടിശ്ശിഖ:</u> 17-6-09 ന് നടന്ന പൊതുയോഗത്തിൽ തീരുമാനം ഉണ്ടാകായ്കയാൽ യോഗത്തിനുശേഷം ചില അംഗങ്ങൾ കൂടിയാലോചിച്ച് ഈ വിഷയത്തിൽ കേസ് ഫയൽ ചെയ്യുവാൻ തീരുമാനിക്കയും വക്കീൽ നോട്ടീസയക്കുവാനും മറ്റുപ്രാരംഭ ചിലവുകൾക്കായും 200 ക വീതം പിരിക്കുവാനും തീരുമാനിച്ചതിൻ പ്രകാരം 18 പേർ ഇതുവരെ സംഖ്യ നൽകിയിട്ടുണ്ട്. വക്കീലിന് കൊടുക്കുവാനുള്ള നോട്ടും കടലാസുകളും തയ്യാറായിട്ടുണ്ട്.കേസ് ഫയൽ ചെയ്യേണ്ട സാഹചര്യം വന്നാൽ ഒരോരുത്തർക്കും അർഹതപ്പെട്ട കുടിശ്ശിഖയുടെ 5% കോടതിച്ചിലവിനായി പിരിക്കണമെന്നും തീരുമാനമായിട്ടുണ്ട് - "പ്രത്യാശ" എഡിറ്ററാണ് സംഘാടകൻ. പ്രാരംഭ നടപടിയായി ഈ വിഷയത്തിൽ എന്തെങ്കിലും പുനർചിന്തനമുണ്ടോയെന്ന് RTI Act പ്രകാരം പ്രത്യാശ എഴുതിച്ചോദിച്ചതിന് മറുപടി നിരാശാജനകമായതിനാൽ ഉടൻ തന്നെ വക്കീലിനേക്കൊണ്ട് നോട്ടീസയപ്പിക്കാമെന്ന് ശ്രീ. കെ. എം. അബ്ദുൾ സലാം ഏറ്റിട്ടുണ്ട് - ഒരു സംഘടന എല്ലാ വിഭാഗക്കാരുടെയും പ്രശ്ന പരിഹാരത്തിനു ശ്രമിക്കാതെ പ്രശ്നം അവരവരുടെ സ്വതന്ത്ര തീരുമാനത്തിനു വിട്ടാൽ പിന്നെ സംഘടന തന്നെ എന്തിന് എന്ന ചോദ്യമുണ്ടാവും - അതുകൊണ്ട് വക്കീൽ നോട്ടിസിനപ്പുറത്തേയ്ക്ക് കാര്യങ്ങൾ പോകേണ്ട സമത്ത് RBREA, Kochi മുൻകൈ എടുക്കുമെന്ന് വിശ്വസിക്കുന്നു.

<u>ബോംബേ കേസ്:</u> കോടതി വിധിപ്രകാരം 3 പരാതിക്കാർ സംഘടന വഴി കേന്ദ്രസർക്കാരിന് നിവേദനമയച്ച വാർത്ത മുൻ ലക്കത്തിൽ റിപ്പോർട്ട് ചെയ്തിരുന്നല്ലോ-തുടർന്ന് ജൂൺ 29 ന് ഡൽഹിയിൽ ഇതേപ്പറ്റിയുള്ള വിചാരണ നടക്കുകയും ശ്രീ L.V Kulkarni, അഡ്വ Smt Jane Cox,ശ്രീ R.P. Donde, M.B Talekar, T. G Nair, അഡ്വ. N. P Sing (RBI Retd.) എന്നിവർ നമ്മുടെ ഭാഗത്തും Shri K.V Eapen Jt secy, Santhosh Sinha Director, R.K Gaur under secy, M. K Malhothra OSD എന്നിവർ സർക്കാർ ഭാഗത്തും ഹാജരാകുകയും ചെയ്തു. ഒന്നേകാൽ മണിക്കൂർ നീണ്ട വിചാരണയിൽ സർക്കാർ അവരുടെ നിലപാടിൽ ശക്തമായി ഉറച്ചുനിൽക്കുന്നു എന്നു മാത്രമല്ല സർക്കാറിന് പരമാധികാരമുണ്ടെന്നും ബാങ്ക് ചെയ്തതെല്ലാം നിയമവിരുദ്ധമെന്നും സ്ഥാപിച്ചെടുക്കാൻ ഏതറ്റം വരെയും അവർ പോകുമെന്നും വ്യക്തമായി - ശക്തനായ ഒരു യൂണിയൻ നേതാവ് ശ്രീ ജലാനേ നിർബന്ധിച്ച് ഒരു Parting gift ആയി നേടിയെടുത്തതാണ് അപ്പ്ഡേഷൻ എന്നും ഇത് അനുവദിക്കുകയില്ലെന്നും വരെ ജോയിന്റ് സെക്രട്ടറി പറയുകയുണ്ടായി. ഈ പരാമർശത്തിൽ പ്രതിഷേധിച്ച് AIRBEA , UNITED FORUM എന്നിവർ ശക്തമായ ഭാഷയിൽ പ്രതിഷേധിച്ചിട്ടുണ്ട്. വിചാരണയേ തുടർന്ന് ബാങ്ക് പ്രതിനിധികളേ സർക്കാർ ചർച്ചക്ക് വിളിക്കുകയും 14-7-09 ൽ ഡൽഹിയിൽ വച്ച് ശ്രീ ദീപക് സിംഗാൾ CGM ന്റെ നേതൃത്വത്തിൽ ഒരു നാലംഗ സംഘം ജോയിന്റ് സെക്രട്ടറിയുമായി ചർച്ച നടത്തുകയും ചെയ്തു. ഈ ചർച്ചയും മേൽപറഞ്ഞതിൽ നിന്നും വ്യത്യസ്ഥമാവാനിടയില്ല-സർക്കാറിന്റെ Speaking order അനുകൂലമാകില്ലെന്ന് വ്യക്തമായ സ്ഥിതിക്ക് അത് ലഭിച്ചശേഷം 8 ആഴ്ച്ചക്കകം പരാതിക്കാർ വീണ്ടും കോടതിയേ സമീപിക്കേണ്ടിവരും

<u>എഡിറ്റോറിയൽ:</u> റോൾ ബാക്ക് പ്രശ്നത്തിന് ഏതാണ്ട് പരിഹാരമായെന്ന് മുൻലക്കത്തിൽ എഴുതിയിരുന്നെങ്കിലും അപ്രതീക്ഷിതവും നിരാശജനകവുമായ കേന്ദ്ര ഉദ്യോഗസ്ഥരുടെ പെരുമാറ്റം മൂലം മറവ് ചെയ്ത ജഡം കല്ലറയിൽ നിന്നും വീണ്ടും ഉയർന്നെഴുന്നേറ്റ

പ്രതീതിയാണിപ്പോൾ സംജാതമായിരിക്കുന്നത്-ഡൽഹി മെട്രോ എം. ഡി. ശ്രീ ഇ. ശ്രീധരന്റെ മാസ ശമ്പളത്തിൽനിന്നും അന്യായമായി പിടിച്ചുവെച്ച 10 ലക്ഷം രൂപാ മടക്കിനൽകാത്തതിൽ കേന്ദ്രസർക്കാരിനേ ഈയിടെ ഡെൽഹി ഹൈക്കോടതി രൂക്ഷമായി വിമർശിക്കയുണ്ടായി (മനോരമ 9-7-09) ഇത്രയും കഴിവും യോഗ്യതയുമുള്ള ഒരു ഉദ്യോഗസ്ഥന്റെ നേർക്കുള്ള പെരുമാറ്റം പരിഗണിക്കുമ്പോൾ നമ്മുടെ നേരേയുള്ള ബ്യൂറോക്രസിയുടെ ഗർജ്ജനത്തിൽ അതിശയപ്പെടാനില്ല. ശ്രീ ഒ. പി. തനേജ പ്രധാനമന്ത്രിക്കയച്ച കത്ത് ധന വകുപ്പിന് കൈമാറിയതായി അറിയിപ്പ് ലഭിച്ചതല്ലാതെ മറ്റുവാർത്തയൊന്നുമില്ല മേൽത്തട്ടിലുള്ളവർക്ക് ശമ്പളം കൂട്ടുന്നതിൽ യാതോരു ലുബ്ധും ഇല്ലെന്നതിന് തെളിവാണ് രാഷ്ട്രപതി, ഉപരാഷ്ട്രപതി, ഗവർണ്ണർമാർ എന്നിവരുടെ ശമ്പളം മൂന്നിരട്ടി വർധിപ്പിക്കാൻ സർക്കാർ ഈയിടെ തീരുമാനിച്ചത്- പഠിക്കേണ്ട പാഠം ഇതാണ്-പണവും പ്രവർത്തകരുമായി കോടതി കയറാൻ നാം തയ്യറെടുക്കുക തന്നെ വേണം-ഒരിക്കൽകൂടി അപ്രതീക്ഷിതമായ ഒരു പ്രഹരം ഏൽക്കാതെ സൂക്ഷിക്കേണ്ടതുണ്ട്- സർക്കാർ ഏതെങ്കിലും തരത്തിൽ സുപ്രീം കോടതിയിൽ പോകുന്ന സാധ്യതയും തള്ളിക്കളയാനാവില്ല-അഖിലേന്ത്യ സംഘടന രജിസ്റ്റർ ചെയ്യാത്തത് ഗുരുതരമായ വീഴ്ചതന്നെ - എല്ലാ വിഷയത്തിലും മാർഗ്ഗ നിർദ്ദേശം നൽകുവാനും അധികൃതരുമായി സംസാരിക്കുവാനും അഖിലേന്ത്യ പ്രസിഡണ്ടായി A PERSON OF STATUS ഇല്ലെന്നതും പോരായ്മതന്നെ- വരാൻ പോകുന്ന കോടതി നടപടികളിൽ AIRBREA ഔദ്യോഗികമായി IMPLEAD ചെയ്യേണ്ടതുണ്ട്-ശിഖണ്ഡിയേ മുന്നിൽ നിർത്തിയുള്ള യുദ്ധം ഒരു സംഘടനക്ക് ഭൂഷണമല്ല.

കൊച്ചി RBREA യുടെ അംഗസംഖ്യ ഇപ്പോൾ 118 ആയിട്ടുണ്ട്-165 പേരിൽ ബാക്കിയുള്ളവർ കൂടി അംഗങ്ങളായി സംഘടന ശക്തിപ്പെടുത്തുകയും കൃത്യമായി ലെവി നൽകി ധനസ്വരൂപണത്തിൽ സഹായിക്കുകയും ചെയ്യുമെന്ന് വിശ്വസിക്കുന്നു.

ഈ സാഹചര്യത്തിൽ അടുത്ത അപ്പ്ഡേഷന്റെ കാര്യത്തിൽ കുമാരനാശാന്റെ "കരുണ"യിലേ "സമയമായില്ല പോലും സമയമായില്ലപോലും ക്ഷമയെന്റെ ഹൃദയത്തിലൊഴിഞ്ഞു തോഴീ" എന്ന പ്രസിദ്ധമായ വരികളാണ് ഓർമ്മയിൽ വരുന്നത്. റോൾ ബാക്കിനൊരവസാനം കണ്ടശേഷമേ മുന്നോട്ട് പോകാനാകു എന്നർത്ഥം.

<u>നേതാക്കൾ C.G.M നേക്കണ്ടപ്പോൾ:</u> (Source HITGUJ of 15-6-09) 12-6-09 ന് സംഘടനാ നേതാക്കൾ C.G.M നേ കണ്ടപ്പോൾ കിട്ടിയ വിവരങ്ങൾ

1) അടുത്ത അപ്പ്ഡേഷന്റെ കാര്യം കോടതി നടപടികൾ പരിസമാപ്തിയിലെത്തിയ ശേഷമേ പരിഗണിക്കാനാവു.

2) 100% D.R കുടിശ്ശിഖ കാര്യത്തിൽ ബാങ്ക് ഇപ്പോഴും സർക്കാറിനേ ഭയപ്പെടുന്നു (സർക്കാരിന് ഇതിൽ കൈ കടത്താൻ വകുപ്പില്ലെങ്കിൽ പോലും)

3) MAF കമ്മിറ്റിയിൽ പെൻഷനേഴ്സിന്റെ പ്രതിനിധിയേ ഉൾക്കൊള്ളിക്കുന്ന കാര്യത്തിൽ നമ്മുടെ സംഘടനയേ അംഗീകരിക്കാൻ ബാങ്ക് ഇപ്പോഴും സന്നദ്ധമല്ല.

4) മെഡിക്കൽ അലവൻസ് ഈയിടെ ഇരട്ടിപ്പിച്ച സാഹചര്യത്തിൽ Pre 1.1.86 കാർക്ക് ആനുകൂല്യം ഇപ്പോൾ വർദ്ധിപ്പിക്കാനാവില്ല.

5) റീഇംബേഴ്സ്മന്റ് ഇൻഷുറൻസ് കമ്പനിയേ ഏൽപ്പിച്ചതിനാൽ Schedule of Hospitalisation rates സർവ്വീസ് ജീവനക്കാർക്ക് ഈയിടെ വർധിപ്പിച്ച തോതിൽ ഇപ്പോൾ വർധിപ്പിക്കാനാവില്ല. എന്നാൽ അർഹതയുള്ള കേസിൽ ബാലൻസ് തുകയുടെ കാര്യം ബാങ്ക് നേരിട്ട് പരിഗണിക്കുന്നതാണ്. തുടർന്ന് നേതാക്കൾ D.G യേക്കണ്ട് കാര്യങ്ങൾ ബോധിപ്പിച്ചതായി വാർത്തയുണ്ട്.

<u>M.A.F:</u> ചില കേസുകളിൽ റീയിംബേഴ്സ്മെന്റ് ക്ലെയിം അയക്കുമ്പോൾ ഈ രോഗത്തിന് അഡ്മിഷൻ ആവശ്യമില്ലായിരുന്നു എന്ന് പറഞ്ഞ് TTK ക്ലെയിം നിരസിക്കുന്നതു ശരിയാണോ എന്ന RTI പ്രകാരമുള്ള "പ്രത്യാശ"യുടെ ചോദ്യത്തിന് ബാങ്കിന്റെ മറുപടി ഇപ്രകാരമാണ്.

"Repudiation of claims is done at the sole discretion of the RBI (HRDD, Central office) in consultation with the BMO/SMO. A copy of relevant extract of the group medi-claim policy is enclosed.

UNITED INDIA INSURANCE CO. Ltd.

Settlement of claims : Immediately after the submission of relevant documents but not later than 15 working days(Incase the group members are not availing cash less facility.)

: Repudiation of claims shall be at the sole discretion of the medical section of central office of RBI "

ഇതിന്റെയർത്ഥം TTK നിരസിച്ചാലും RBI ക്ക് നിവേദനമയച്ച് അവസാന തീരുമാനം RBI യുടേതായിരിക്കുമെന്ന് അനുമാനിക്കുന്നു. 15 ദിവസത്തിനകം ചെക്ക് തരാൻ TTK യും ബാധ്യസ്ഥരാണെന്ന് ഇതിനാൽ മനസ്സിലാകുന്നു.– താമസിച്ചാൽ പലിശ തരണമെന്നുള്ളത് Logical conclusion. നിയമം അറിഞ്ഞിരിക്കുന്നത് എന്തുകൊണ്ടും നല്ലത്–ഈയിടെ എറണാകുളത്തെ സെപ്ഷ്യലിസ്റ്റ് ആസ്പത്രിയിൽ 3 ദിവസം കിടത്തി ചികിൽസ നടത്തേണ്ട സാഹചര്യം "പ്രത്യാശ" എഡിറ്റർക്കുണ്ടായി – ഒരാഴ്ച മുമ്പ് തിയതി നിശ്ചയിച്ചു–ആസ്പത്രിക്കാർ 10,000 ക യുടെ എസ്റ്റിമേറ്റ് TTK ക്ക് Fax ചെയ്യുകയും യഥാ സമയം അനുമതി ലഭിക്കുയും ചെയ്തതിനാൽ കൈയ്യിൽ നിന്നും പണം ചിലവായില്ല. ആസ്പത്രി അധികൃതരുടെ സേവനം തൃപ്തികരമായിരുന്നു–വായനക്കാരുടെ ഇതുമാതിരിയുള്ള അനുഭവങ്ങളും ദുരനുഭവങ്ങളും പ്രത്യാശയേ അറിയിച്ചാൽ അത് മറ്റുള്ളവർക്ക് കൂടി ഉപകാരമായിരിക്കും.

<u>AIRBREA യുടെ അംഗീകാരം</u>: ബോംബേ ഹൈക്കോടതി നമ്മുടെ സംഘടനക്ക് കോടതിവിധിയിൽ കൂടി De facto recognition നൽകിയ സാഹചര്യത്തിൽ ബാങ്ക് സംഘടനയേ ഔദ്യേഗികമായി അംഗീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ടി. ജി. നായർ ബാങ്കിന് കത്തയച്ചിട്ടുണ്ട്. (HITGUJ of 15/06/09)

<u>പുതിയ ഡി. ജി</u>: ശ്രീ ലീലാധർ, ഡി. ജി. വിരമിച്ച ഒഴിവിൽ പുതിയ ഡി. ജി. യായി മുൻ പി എൻ. ബാങ്ക് ചെയർമാൻ ശ്രീ കെ. സി. ചക്രബർത്തി 15–6–09 ന് 3 വർഷത്തേയ്ക്ക് നിയമിതനായി – DAP HRDD എന്നീ വകുപ്പുകൾ അദ്ദേഹമായിരിക്കും കൈകാര്യം ചെയ്യുക– കൂടാതെ ഡോ:റാകേഷ് മോഹൻ ഡി. ജി. യും 10–6–09 ന് സ്ഥാനമൊഴിഞ്ഞിട്ടുണ്ട്–പകരമാരെന്നറിവായിട്ടില്ല–മറ്റു 2 ഡി. ജി. മാർ ശ്രീമതി ശ്യാമള ഗോപിനാഥ്, ശ്രീമതി ഉഷാതോറാട്ട് എന്നിവരാണ്.

<u>ഹോളിഡേ ഹോം ബുക്കിംഗ് ക്യാൻസൽ ചെയ്താൽ</u>: ഇനി മുതൽ വിരമിച്ച ജീവനക്കാർ ഹോളിഡേ ഹോം ബുക്ക് ചെയതാൽ ക്യാൻസലേഷൻ ഉണ്ടെങ്കിൽ 7 ദിവസം മുമ്പ് അറിയിച്ചില്ലെങ്കിൽ അടുത്ത 6 മാസത്തേക്ക് അവർക്ക് ബുക്കിംഗ് അനുവദിക്കുന്നതല്ല (RBI News Letter 15–5–09)

<u>പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ</u> ജൂൺ 2009 മുതൽ 2010 ഏപ്രിൽ 1 വരെ നീണ്ടുനിൽക്കുമെന്ന് RBI News Letter ൽ നിന്നും മനസ്സിലാകുന്നു. എല്ലാമാസവും എന്തെങ്കിലുമൊക്കെ ചടങ്ങുകൾ നടക്കും–കൊച്ചിയിൽ ജൂലായ് 31 ന് നടന്ന ചടങ്ങിൽ – സർവ്വശ്രീ സി. ഹരികുമാർ, കെ. വി. രാമചന്ദ്രൻ, ജിമ്മി എബ്രാഹാം, ചേട്ടൂർ കൃഷ്ണൻ കുട്ടി, കെ. വാസു എന്നീ പെൻഷൻകാർ അതിഥികളായി ക്ഷണിക്കപ്പെട്ടു–അവർക്കെല്ലാം ചെറിയ

സമ്മാനങ്ങളും ലഭിച്ചു-2010 മാർച്ചിൽ ഒരാഴ്ച ബാങ്കിന്റെ എല്ലാ ശാഖകളിലും ദീപാലങ്കാരമുണ്ടായിരിക്കും-ജൂബിലി പ്രമാണിച്ച് ജീവനക്കാർക്കും വിരമിച്ചവർക്കും 10 ഗ്രാമിന്റെ ഒരു സ്വർണ്ണനാണയം സമ്മാനിക്കാൻ സെൻട്രൽ ബോർഡ് അംഗീകാരം ലഭിച്ചതായി വാർത്ത കേൾക്കുന്നു.

ശരിയാണെങ്കിൽ ഇതൊരു ശുഭവാർത്ത തന്നെ. ആഘോഷങ്ങളോടനുബന്ധിച്ചോ അല്ലാതെയോ പെൻഷങ്കാർക്ക് ചില ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചേക്കാമെന്ന് സ്ഥിരീകരിക്കാത്ത റിപ്പോർട്ടുണ്ട്-കാത്തിരിക്കാം.

<u>ചരമവാർത്തകൾ</u>: ശ്രീമതി വൽസാ ജേക്കബ്ബ് (71), W/o ശ്രീ. സി. എ. ജേക്കബ്ബ് on 21-7-09, ശ്രീ എ. കെ. ഫ്രാൻസീസ് (89) No: 19 in our directory on 12-7-09, ശ്രീമതി ഹേമലത ശിവശങ്കരൻ, No : 29 in our directory on 6-7-09, ശ്രീ എം എസ്. ശ്രീനിവാസൻ (82) Retd. AGM, Former office bearer of RBI officers ASSN. Mumbai on 1-4-09 At Chennai. "Pratyasa" Share the loss to the bereaved families – May their Souls rest in peace.

<u>സംഭാവനകൾ</u>: സർവ്വശ്രീ സി. എ. ജേക്കബ്ബ് 500ക, പി. അരവിന്ദാക്ഷൻ,കെ എം അബ്ദുൾ സലാം, പി ശശിധരൻ 200 ക വീതം., കെ പി ആർ. തമ്പി, കെ. കെ. ചന്ദ്രൻ, കെ. ഉണ്ണികൃഷ്ണൻ, ഒ. ദാമോദരൻ,ടി. എൽ. ജോർജ്ജ്, ആർ. എസ്. വർമ 100 ക വീതം, മൊത്തം 1700 + മുൻ ബാലൻസ് 4267 ക = 5967 Less ഈ ലക്കം ചിലവ് 744 ക നീക്കിയിരുപ്പ് 5223 ക

<u>One rank one pension</u>: ക്യാബിനറ്റ് സെക്രട്ടറി ശ്രീ K. M ചന്ദ്രശേഖർ ചെയർമാനായ കമ്മിറ്റിയുടെ ശുപാർശയേ തുടർന്ന് One rank one pension എന്ന ആവശ്യം ബഡ്ജറ്റിൽ കൂടി ധനമന്ത്രി സാധ്യമാക്കിയിരിക്കുന്നു. 12 ലക്ഷം വിമുക്തഭടന്മാർക്ക് മാത്രമാണ് ഈ ആനുകൂല്യം ലഭിക്കുകയെങ്കിലും ഈ ആവശ്യം അംഗീകരിച്ചത് One Step forward എന്ന് വേണം എല്ലാ പെൻഷൻകാരും കരുതുവാൻ.

<u>എസ്. ബി. അക്കൗണ്ടുകളിൽ ദിവശ പലിശ</u>: 2010 ഏപ്രിൽ 1 മുതൽ SB അക്കൗണ്ടുകളിൽ പലിശ കണക്കാക്കുന്നത് ഓരോ ദിവസത്തേയും ബാലൻസിന്മേലാവണമെന്നും അതിനുവേണ്ട തയ്യാറെടുപ്പുക്കൾ നടത്തുവാനും RBI Scheduled Commercial ബാങ്കുകളോട് നിർദ്ദേശിച്ചിരിക്കുന്നു. (Source Monetary and credit information Review May 2009) ഇപ്പോൾ പലിശ കണക്കാക്കുന്നത് ഓരോ മാസത്തിലെ 10 നും 31 നും ഇടയ്ക്കുള്ള ക്ലോസിംഗ് ബാലൻസുകളിൽ ഏറ്റവും കുറഞ്ഞ ബാലൻസിന്റെ അടിസ്ഥാനത്തിലാണെന്ന് വായനകാർക്കറിയാമല്ലോ-മാറ്റം നിക്ഷേപകർക്ക് ഗുണം ചെയ്യും-

<u>ഫോണുകൾക്ക് 11 അക്ക നമ്പർ</u>: ലാൻഡ് ഫോണുകളുടെയും മൊബെയിലിന്റെയും നമ്പറുകൾ 11 അക്ക നമ്പറുകളാക്കാൻ D.O.T ഒരുങ്ങുന്നു. മിക്കവാറും അടുത്ത ജനുവരിയിൽ ഇതു നടപ്പാകും (Source BSNL Crusader April 2009 ).

EDITED BY K. G. K PILLAI , C 2, ELDERS VILLAGE CHOTTANIKKARA P. O, PIN : 682312 PHONE : 0484 2713414

The views expressed herein are those of the editor and not those of the RBREA, Kochi

THE NEXT ISSUE OF "PRATHYASA" will be dated 10/10/2009.